# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 721

29.09.2016-ൽ മറുപടിയ്ക്ക്

## ശബരിമല റോഡുകളുടെ അറ്റകുറ്റപണി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.യു. ആർ. പ്രദീപ് | ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) ശബരിമല ദർശനവുമായി ബന്ധപ്പെട്ട റോഡുകൾ അടിയന്തരമായി അറ്റ കുറ്റപ്പണി നടത്തുന്നതിന് എന്തെല്ലാം മുന്നൊരുക്കങ്ങളും നടപടികളുമാണ് പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ചി ട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ;<br>(ബി) ഇതിനായി പൊതുമരാമത്ത് വകുപ്പ് എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ? | (എ) & (ബി) 2016-17-ലെ ശബരിമല മണ്ഡല-മകരവിളക്ക് തീർത്ഥാടനവുമായി ബന്ധപ്പെട്ട് 28.07.2016-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 56/2016/പൊ.മ.വ. പ്രകാരം പൊതുമരാമത്ത് വകുപ്പിന്റെ ദേശീയപാത, നിരത്തുകളും പാലങ്ങളും വിഭാഗം, KSTP എന്നിവയിൽ ഉൾപ്പെട്ട വരുന്ന റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി 8943.54 ലക്ഷം രൂപ യുടെ ഭരണാനുമതിയും, പ്രത്യേകാനുമതിയും നൽകിയിട്ടുണ്ട്. ശബരിമല മണ്ഡല-മകരവിളക്ക് തീർത്ഥാടനവുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗത്തിന്റെ അധീനയിലുള്ള പത്തനംതിട്ട, കോട്ടയം, കൊല്ലം, ആലപ്പുഴ, ഇടുക്കി എന്നീ ജില്ലകളിൽ ഉൾപ്പെട്ട വരുന്ന പ്രധാന റോഡുകളുടെ ടെണ്ടർ നടപടി പൂർത്തീകരിച്ച് പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. ദേശീയപാതാ വിഭാഗത്തിൽ ഉൾപ്പെട്ട വരുന്ന പ്രവൃത്തികളെല്ലാം തന്നെ ആഗസ്റ്റ് 15-നു മുൻപായി ടെണ്ടർ ചെയ്ത് കരാർ ഉറപ്പിച്ച് പ്രവൃത്തികൾ തുടങ്ങിക്കഴിഞ്ഞു. ഇത് രണ്ടു പതിറ്റാണ്ടിനുള്ളിൽ ആദ്യമാണ്. കെ.എസ്.റ്റി.പി പദ്ധതിയുടെ കീഴിലുള്ള എം.സി. റോഡിന്റെ വിവിധ റീച്ചുകളിൽ റോഡിന്റെ ഉപരിതലം നവീകരിച്ച്, സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിന് നിർമ്മാണ |

പ്രവർത്തനങ്ങളുടെ കരാർ വിവിധ ഏജൻസികൾക്ക് നല്കിയിട്ടുള്ളതും, പ്രസ്തുത കമ്പനികൾ തന്നെ റോഡിലെ മഴക്കുഴികൾ അടയ്ക്കുകയും, റോഡിന്റെ ഇരു വശങ്ങളിലുമുള്ള ഓടയും, കാട്ടും തെളിച്ച് മറ്റ് സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തുകയും ചെയ്തു വരുന്നു. ഈ പ്രവൃത്തികളെല്ലാം മണ്ഡല മകരവിളക്ക് ഉത്സവം തുടങ്ങുന്നതിനു മുൻപ് തന്നെ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

അമ്പലപ്പുഴ — തിരുവല്ല റോഡിലെ അമ്പലപ്പുഴ 5 കി.മീ., കുട്ടനാട് 10 കി.മീ., തിരുവല്ല 10 കി.മീ., മൊത്തം 25 കി.മീ. റോഡ് ബഡ്ജറ്റ് വർക്കിൽ ഉൾപ്പെടുത്തിയിരുന്നെങ്കിലും, അത് പിൻവലിച്ച് ധനകാര്യ വകുപ്പ് KIIFB-യിൽ ആക്കിയിട്ടുണ്ട്. ഇതിന്റെ പണികൾ ഒന്നും ആരംഭിച്ചു കഴിഞ്ഞിട്ടില്ല. വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥർ റോഡ് വെട്ടിപ്പൊളിച്ച് ഗതാഗതം ദുസ്സഹമാക്കി യിരിക്കുന്നു. KIIFB-യിൽ പണിയുന്നതി നാൽ അറ്റകുറ്റപണിയും നടത്തുന്നില്ല. 89.43 കോടി രൂപയുടെ റോഡ് പുനർനിർമ്മാണവും, അറ്റകുറ്റപണികളും മറ്റും ശബരിമല റോഡുകളിൽ നടത്തുന്ന താണ്. ശബരിമല പേട്ടതുള്ളൽ സംഘം അമ്പലപ്പുഴ ശ്രീകൃഷ്ണ സ്വാമി ക്ഷേത്രത്തിൽ നിന്നാണ് പുറപ്പെടുന്നത്. വിവിധ ഭാഗങ്ങളിൽ നിന്നും NH വഴി വരുന്ന ഭക്തർ അമ്പലപ്പുഴ വന്ന് തൊഴുതിട്ടാണ് ശബരിമലയ്ക്ക് ഈ റോഡു വഴി പോകുന്നത്.

സെക്ഷൻ ഓഫീസർ